ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ചു മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളു.

(സി) സ്വീകരിച്ചു വരുന്നുണ്ട്.

ഗതാഗതത്തിനായി തുറന്നു കൊടുത്ത പാലങ്ങൾ

* 209 [229] ശ്രീ. കെ. പി. രാമൻ:
,, പി. വി. മുഹമ്മദ്:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. റ്റി. അഹമ്മദ് അലി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗതാഗതത്തിനായി തുറന്നുകൊടുത്ത പാലങ്ങൾ എത്ര;

(ബി) ഇവയിൽ മേജർ പാലങ്ങൾ എത്ര;

(സി) ഈ പാലങ്ങൾ പണിയുന്നതിനു എത്ര കോടി രൂപ ചിലവഴിച്ചു;

(ഡി) പണി പൂർത്തിയായിട്ടും ഗതാഗതത്തിന് തുറന്നുകൊടുക്കാത്ത എത്ര പാലങ്ങൾ സംസ്ഥാനത്തുണ്ട്;

(ഇ) അവ തുറന്നുകൊടുക്കാത്തതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നാഷണൽ ഹൈവേ വിഭാഗത്തിൽ മാമം പാലവും സ്റ്റേറ്റ് ഹൈവേ വിഭാഗത്തിൽ ഏരൂർ-ഇടപ്പള്ളി റോഡിലുള്ള അറക്കൈടവ് പാലവുമാണ് പണി തീർന്നിട്ടും തുറന്നുകൊടുക്കാത്തത്.

(ഇ) മാമം പാലത്തിന്റെ അപ്രോച്ച് റോഡ് തീർന്നിട്ടില്ല. അറക്കൈടവ് പാലത്തിന് ടോൾ ഈടാക്കുന്നതിനെ പറ്റി ഒരു കേസ് നിലവിൽ ഉണ്ട്. ടോൾ പിരിക്കുന്നതിന് കോടതി സ്റ്റേ കൊടുത്തിട്ടുമുണ്ട് ഈ കാരണത്താലാണ് ഈ പാലങ്ങൾ തുറന്നുകൊടുക്കാത്തത്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

1985-86-ലെ ഹജ്ജ് തീർത്ഥാടനം

383. [1307] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86-ൽ ഹജ്ജ് തീർത്ഥാടനത്തിനു വേണ്ടി അപേക്ഷിച്ചിരുന്നവർ എത്രയാണെന്നും അതിൽ എത്രപേർക്ക് അനുവാദം കൊടുത്തുവെന്നും അതിൽ എത്രപേർ പോയി എന്നും വ്യക്തമാക്കാമോ;

(ബി) അപേക്ഷകർക്ക് മുൻഗണനാക്രമം നോക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly